## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5946 — 08/07/2013-ൽ മറുപടിയ്ക്ക്

### 'വീട്ടിൽ ഒരു മാവ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) 'വീട്ടിൽ ഒരു മാവ്' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പഞ്ചായത്തുകളിൽ ഇതിനകം നടപ്പാക്കി; | എ) വീട്ടിൽ ഒരു മാവ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 177 പഞ്ചായത്തുകളിൽ ഇതിനകം നടപ്പിലാക്കി. |
| ബി) ഈ പദ്ധതി എങ്ങനെയാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. |
| സി) പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളെ എങ്ങനെയാണ് തെരടുത്തതെന്ന് വിശദമാക്കുമോ; | സി) ഓരോ ജില്ലയിലേയും അതാത് നിയോജക മണ്ഡലങ്ങളിലെ എം.എൽ.എയുടെ ശുപാർശ പ്രകാരമാണ് പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളെ തിരഞ്ഞെടുത്ത്. |
| ഡി) തരൂർ മണ്ഡലത്തിൽ ഏത് പഞ്ചായത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | ഡി) തരൂർ മണ്ഡലത്തിൽ കണ്ണമ്പ്ര പഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 2500 മാവിൻ തൈകൾ കണ്ണാമ്പ്ര പഞ്ചായത്തിൽ വിതരണം ചെയ്യുവാൻ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജൂലൈ മാസം തന്നെ മാവിൻ തൈകൾ വിതരണം ചെയ്യുന്നതാണ്. |
| ഇ) പദ്ധതി നടപ്പാക്കുന്നതിന് ബജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്; ഇതിനകം എന്തു തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ? | ഇ) പദ്ധതി നടപ്പാക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2013-14-ലെ വാർഷിക കർമ്മ പദ്ധതി പ്രകാരം 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ വിളവിസ്തൃതി വ്യാപിപ്പിക്കുന്നതിന് 90 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.<br><br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയുടെ മാവിന്റെ വിളവിസ്തൃതി വ്യാപനം എന്ന ഘടകം 'ഒരു വീട്ടിൽ ഒരു മാവ്' എന്ന പേരിലാണ് നടപ്പിലാക്കിയത്. ഇതിനായി 171.48925 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ